I/56288/2022

**<u>സംയോജിത ശിശു സംരക്ഷണ പദ്ധതി</u>**

**<u>കേരളം</u>**

**<u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ</u>**

**(ഹാജർ: പ്രിയങ്ക. ജി., IAS, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം. DWCD/3205/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 20-08-2022

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് - ICPS - ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് 2022 മാർച്ച് മുതൽ ഓഗസ്റ്റ് വരെയുള്ള കെട്ടിട വാടക തുക അനുവദിച്ചുത്തരവാകുന്നു.

പരാമർശം : 1. ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 21.07.2022 ലെ DCPU (A)-838/21 നമ്പർ കത്ത് .

2. വനിത ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 05.03.2021ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് പ്രതിമാസം 15,000/-രൂപ നിരക്കിൽ കെട്ടിട വാടക അനുവദിക്കേണ്ടതുണ്ട്.

കെട്ടിടത്തിൻ്റെ ലഭ്യത രഹിത സാക്ഷ്യപത്രം പരാമർശം 1 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഐ.സി.പി.എസ് ഗൈഡ് ലൈൻ പ്രകാരം വാടകയിൽ പരമാവധി അനുവദിക്കാവുന്ന 15,000/-രൂപയിൽ അധികരിച്ച് വരുന്ന തുക ജില്ലകൾക്ക് അനുവദിക്കുന്നതിനു പരാമർശം 2 പ്രകാരം അനുമതി നൽകി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമുണ്ട്.

മേൽ സാഹചര്യത്തിൽ, ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ അപേക്ഷ പരിഗണിച്ച്, ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് 2022 മാർച്ച് മുതൽ ഓഗസ്റ്റ് വരെയുള്ള 6 മാസത്തേക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ കെട്ടിട വാടക ഇനത്തിൽ ആകെ **90,000/- രൂപ (തൊണ്ണൂറായിരം രൂപ മാത്രം )** അനുവദിച്ചുത്തരവാകുന്നു.

ടി തുക **90,000/- രൂപ (തൊണ്ണൂറായിരം രൂപ മാത്രം )** സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിന്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank ന്റെ 0889104000111737 IFSC.Code.IBKL0000889 എന്ന അക്കൗണ്ടിൽ 04.02 (DCPU Rent for Hiring) കംപോണെൻറിൽ നിന്നും ആലപ്പുഴ ജില്ലാ വനിത ശിശു വികസന ആഫീസറുടെ സബ്സിഡിയറി അക്കൗണ്ടിലേക്കും , വനിത ശിശു വികസന ഓഫീസർ തുക ആലപ്പുഴ ജില്ലാ ശിശു

I/56288/2022

സംരക്ഷണ ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്കും അനുവദിക്കേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസര് അതാത് മാസങ്ങളിൽ വാടകയുടെ രസീത് ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതും, Rs. 90,000/- രൂപയുടെ രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

, ജില്ലാ ശിശു സംരക്ഷണ ഓഫീസർ,ആലപ്പുഴ

പകർപ്പ് :

1. ജില്ലാ വനിത ശിശു വികസന ഓഫീസർ, ആലപ്പുഴ
2. സൂപ്രണ്ട് A സെക്ഷൻ (PFMS)
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 20-08-2022 17:32:08